കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 13, തിങ്കൾ

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 1999 ഡിസംബർ മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(I) ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 1.

ജനസംഖ്യാ നിയന്ത്രണ പദ്ധതികൾ

1 (*1)ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. പി.പി. തങ്കച്ചൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എം. മുരളി :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ ജനസംഖ്യ രണ്ടായിരാമാണ്ടിൽ നൂറുകോടി കവിയുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനസംഖ്യാനിയന്ത്രണം കുടുംബക്ഷേമ പദ്ധതിയിലെ ഒരു പ്രധാന ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനസംഖ്യാ നിയന്ത്രണം ഉദ്ദേശിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ പദ്ധതിക്ക് ധനസഹായം ലഭ്യമായിട്ടുണ്ടോ;

(ഇ) ജനസംഖ്യാ നിയന്ത്രണത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിന് നിയമനിർമ്മാണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ഐക്യരാഷ്ട്ര ജനസംഖ്യാനിധിയുടെ 1999-ലെ റിപ്പോർട്ട് പ്രകാരം ഇൻഡ്യയിലെ ജനസംഖ്യ 2000-ാമാണ്ടിൽ 100 കോടി കവിയും.

(ബി) ഉണ്ട്. കുടുംബക്ഷേമ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത് ശിശു ക്ഷേമം, മാതൃ ആരോഗ്യം, ഗർഭ-പ്രസവകാല സംരക്ഷണം, ജനസംഖ്യാ നിയന്ത്രണം എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു സമഗ്ര പദ്ധതിയാണ്. ജനസംഖ്യാ നിയന്ത്രണം ഇതിലെ ഏറ്റവും പ്രധാന ഘടകമാണ്.

(സി) ദേശീയ കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി മറ്റ് ഘടകങ്ങൾക്കൊപ്പം ജനസംഖ്യാ നിയന്ത്രണത്തിന് ആവിഷ്കരിച്ചിട്ടുള്ള പൊതുനടപടികളുടെ കൂടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചില പുതിയ പദ്ധതികൾ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പ്രജനന ശൈശവാരോഗ്യ പരിപാടി കുടുംബ ആരോഗ്യം സംബന്ധിച്ച പ്രവർത്തനങ്ങൾക്കൊപ്പം ജനസംഖ്യാ നിയന്ത്രണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ളതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും 117.03 കോടി രൂപയുടെ ഈ പദ്ധതി 1997 മുതൽ നടപ്പാക്കിവരുന്നു. കൂടാതെ 10.31 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സബ് പ്രോജക്ട് കോഴിക്കോട് നഗരത്തിലും 16.87 കോടി രൂപയുടെ ജില്ലാ പദ്ധതി പാലക്കാട് ജില്ലയിലും നടപ്പാക്കിവരുന്നു. മലപ്പുറം ജില്ലയിൽ മാത്രമായി 2.66 കോടി രൂപയുടെ പ്രജനന ആരോഗ്യ പദ്ധതിയും യു.എൻ.എഫ്.പി.എ.യുടെ സഹായത്തോടെ നടപ്പാക്കിവരുന്നു.

കൂടാതെ യു.എൻ.എഫ്.പി.എ.യുടെ സഹായത്തോടെ ഉടൻതന്നെ നടപ്പാക്കുന്ന സംയോജിത ജനസംഖ്യാ നിയന്ത്രണവും വികസനവും പരിപാടിയും യൂറോപ്യൻ കമ്മീഷൻ സ്പോൺസർ ചെയ്യുന്ന സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം എന്നിവയും കുടുംബ ക്ഷേമത്തിലെ മറ്റു ഘടകങ്ങൾക്കൊപ്പം ജനസംഖ്യാ നിയന്ത്രണവും ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്.

(ഡി) ഈ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽനിന്നു തുക ലഭിക്കുന്നത് കേന്ദ്ര ഗവൺമെന്റ് മുഖേനയാണ്.

(ഇ) കുടുംബക്ഷേമത്തിനായി നടപ്പാക്കുന്ന എല്ലാ പുതിയ പരിപാടികളിലും ജനസംഖ്യാ നിയന്ത്രണവും ഉൾപ്പെടും. പുതിയതായി നടപ്പിലാക്കുന്ന പരിപാടികൾ താഴെ പറയുന്നവയാണ്.

(1) ലോകബാങ്ക് സഹായത്തോടെ തിരുവനന്തപുരത്തും, കൊച്ചിയിലും നഗരസഭകളുടെ സഹായത്തോടെ നഗര പ്രജനന ശൈശവാരോഗ്യ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു;

(2) 16 കോടി 16 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സംയോജിത ജനസംഖ്യാ നിയന്ത്രണവും വികസനവും പരിപാടി യു.എൻ.എഫ്.പി.ഐ. യുടെ സഹായത്തോടെ കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിൽ നടപ്പാക്കുന്നതാണ്.

(3) യൂറോപ്യൻ കമ്മീഷൻ സ്പോൺസർ ചെയ്യുന്ന സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിനായി കൊല്ലം ജില്ല തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(4) യു.എൻ.എഫ്.പി.എ.യുടെ സഹായത്തോടെ മലപ്പുറം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനവും നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിലുള്ള പദ്ധതികളുടെ നിർവഹണത്തിന് നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്നു കരുതുന്നില്ല.

ശ്രീമതി ശോഭനാ ജോർജ് : രണ്ടായിരാമാണ്ടോടുകൂടി ജനസംഖ്യ 100 കോടിയിൽ കവിയുമെന്ന് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷമായിട്ട് ജനസംഖ്യാ നിരക്ക് വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ജനസംഖ്യാ നിരക്ക് വർദ്ധനവാണെന്ന് പറയാൻ കഴിയില്ല. 1991-ലെ സെൻസസിൽ നിന്ന് വ്യത്യസ്തമായി നമ്മൾ പ്രൊജക്ട് ചെയ്തിട്ടുള്ള കണക്കുകൾ പ്രകാരം ഇപ്പോൾ മൂന്നു കോടിയിൽ അപ്പുറം പോകും. എന്നാൽ അവസാന കണക്ക് വന്നിട്ടില്ല.

ശ്രീമതി ശോഭനാ ജോർജ് : മൊത്തം ജനസംഖ്യാ വർദ്ധനവിനെപ്പറ്റിയല്ല ഞാൻ അങ്ങയോട് ചോദിച്ചത്. വർദ്ധനവിനെക്കുറിച്ചാണ് ചോദിച്ചത്.

ശ്രീ. എ.സി. ഷൺമുഖദാസ് : കേരളത്തിൽ ജനസംഖ്യാ വർദ്ധനവുണ്ടെന്ന് പറയാൻ കഴിയില്ല.

ശ്രീമതി ശോഭനാ ജോർജ് : കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ലകൾ ഏതൊക്കെയാണ്? ആ ജില്ലകൾ കേന്ദ്രീകരിച്ച് എന്തൊക്കെ ജനസംഖ്യാ നിയന്ത്രണ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

ശ്രീ. എ.സി. ഷൺമുഖദാസ് : ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ജില്ല തിരുവനന്തപുരവും എറണാകുളവുമാണെന്ന് തോന്നുന്നു. ഒരു ഹെക്ടറിൽ വരുന്ന ജനസംഖ്യയുടെ കണക്കുകൾ വച്ചുകൊണ്ടുള്ള സാന്ദ്രതയാണ് പറഞ്ഞത്.

ശ്രീ. പി.പി. തങ്കച്ചൻ : 1997 മുതൽ ജനസംഖ്യാ നിയന്ത്രണത്തിന് ചില പദ്ധതികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവിടെ നടപ്പിലാക്കിയെന്ന് അങ്ങ് പറഞ്ഞു. അതിനെത്തുടർന്ന് ജനസംഖ്യ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ഇവാലുവേറ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ജനസംഖ്യാ വർദ്ധനവിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചുള്ള മെച്ചം ഇതിന്റെ ഫലമായിട്ടാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. പി.പി. തങ്കച്ചൻ : എന്റെ ചോദ്യം, ഈ ഗവൺമെന്റ് വന്നതിനുശേഷം ജനസംഖ്യാ നിയന്ത്രണത്തിന് ചില പദ്ധതികൾ നടപ്പിലാക്കി എന്നാണ് അങ്ങ് പറഞ്ഞത്; അതിനെത്തുടർന്ന് ജനസംഖ്യാ നിയന്ത്രണത്തിൽ എന്തെങ്കിലും പുതിയ മാറ്റം വന്നിട്ടുണ്ടോ? അത് ഇവാലുവേറ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ആർ.സി.എച്ച്. പദ്ധതിക്ക് 1997-ലാണ് അനുവാദം കിട്ടി നടപ്പിലാക്കുന്നത്. ഈ വർഷം ഒരു ഇവാലുവേഷൻ നടത്തും. നടത്താനുള്ള സമയമാകുന്നതേയുള്ളൂ.

ശ്രീ. പി.പി. തങ്കച്ചൻ : രണ്ട് ദിവസങ്ങൾക്കുമുമ്പ് ചില പത്രങ്ങളിൽ ഒരു വാർത്ത വന്നു. കുടുംബക്ഷേമത്തിന്റെ കാര്യത്തിലും ജനസംഖ്യാ നിയന്ത്രണത്തിന്റെ കാര്യത്തിലും കേരളത്തിനുള്ള ഒന്നാം സ്ഥാനം നഷ്ടപ്പെടാൻ പോകുന്നുവെന്നാണ് വാർത്ത വന്നിട്ടുള്ളത്. അതിന് ഒരു കാരണം പറഞ്ഞിട്ടുള്ളത് ഡോക്ടർമാരുടെ സമരമാണ്. ഗവൺമെന്റ് അത് സീരിയസായിട്ട് എടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുണ്ടോ; പ്രതികൂലമായി ബാധിക്കുമോ; നമുക്കുള്ള സ്ഥാനം നഷ്ടപ്പെടുമോ; അത് തടയാൻവേണ്ടി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ചില പത്രങ്ങളിൽ വന്നിട്ടുള്ള കെ.ജി. എം.എ.യുടെ പ്രസിഡന്റിന്റെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പ്രസ്താവന വന്നതിനുശേഷം ഞാൻ ഉദ്യോഗസ്ഥന്മാരെ വിളിച്ച് പല പ്രാവശ്യം ചർച്ചകൾ നടത്തി. ആ ചർച്ചകളിൽനിന്ന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണ ഒക്ടോബർ മാസത്തിലെ റിപ്പോർട്ടാണ് ഡിസംബർ മാസത്തിൽ ഞങ്ങൾ ഡിസ്കസ് ചെയ്യുന്നത്. ആ സമരം തുടങ്ങുന്നത് ഒക്ടോബർ 10-നാണ്. ഒക്ടോബറിലെ 20 ദിവസത്തെ റിപ്പോർട്ട് വന്നിട്ടുണ്ട്. നവംബർ മാസത്തെ റിപ്പോർട്ട് ഡിസംബറിൽ കൂടുന്ന ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസേഴ്സിന്റെ കോൺഫറൻസിൽ വരും. ജില്ലകളിലും അതുപോലെ ഡോക്ടർമാർ കോൺഫറൻസ് നടത്തിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ട് ഒക്ടോബറിലെ കണക്ക് പ്രകാരം ഓരോ ഇനത്തിലുമുള്ള കണക്ക് എന്റെ കൈവശമുണ്ട്. സമരമില്ലാതിരുന്ന കഴിഞ്ഞവർഷം ഇതേ പീരിയേഡിൽ നടന്നതും ഈ വർഷം നടന്നതുമായ കണക്കുണ്ട്. വേണമെങ്കിൽ മുഴുവൻ വായിക്കാം. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ് ഇതേ പീരിയേഡിൽ ഈ വർഷമുള്ളത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : 1991-ലെ സെൻസസ് അനുസരിച്ച് 28.87 ശതമാനം decennial ഗ്രോത്ത് റേറ്റ് ഉള്ള ജില്ല മലപ്പുറം ആണ്. ആ ജില്ലയാണ് 1991-ലെ സെൻസസ് അനുസരിച്ച് 30.96 ലക്ഷം ജനസംഖ്യയുള്ള കേരളത്തിലെ ഏറ്റവും വലിയ ജനസംഖ്യയുള്ള ജില്ല. ആ ജില്ലയെ സംബന്ധിച്ചിടത്തോളം പുതിയ പദ്ധതികൾ - 'ഇ'ക്ക് ഉത്തരമായി അങ്ങ് പറഞ്ഞപ്പോൾ 4-ാം സ്ഥാനത്താക്കിയാണ് പറഞ്ഞത്. ഒന്ന് തിരുവനന്തപുരം - കൊച്ചി, രണ്ട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് മൂന്ന്, കൊല്ലം, നാല്, മലപ്പുറം. എന്തുകൊണ്ടാണ് ജനസംഖ്യയിലും ഗ്രോത്ത് റേറ്റിലും ഒക്കെ മുന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ 2-ാം ഘട്ട പദ്ധതിയിൽ എത്രകോടി രൂപ ചെലവാക്കുമെന്നുള്ള വിവരംപോലും പറയാതെ ആ ഉത്തരം അപൂർണ്ണമാക്കിയത്.

ശ്രീ. എ.സി. ഷൺമുഖദാസ് : ഒന്നാം ഘട്ടം ഇപ്പോൾ മലപ്പുറത്ത് നടക്കുന്നു. അതിന്റെ രണ്ടാം ഘട്ടമാണ് നാലാമത്തേതായി പറഞ്ഞത്. ഒന്നാം ഘട്ടം തുടങ്ങിയത് മലപ്പുറത്താണ്. സംഖ്യയും 2.6 കോടി രൂപയെന്ന് ഞാൻ പറഞ്ഞു. 1-ാം ഘട്ടം പൂർത്തീകരിച്ചില്ല. രണ്ടാംഘട്ടം കിട്ടുമെന്ന് പ്രതീക്ഷയുണ്ട്. അതിന് ചർച്ചകൾ നടക്കുകയാണ്. അവർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതാണ് ഇവിടെ പറഞ്ഞത്. മലപ്പുറം ജില്ലയിൽ മൊത്തം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് ഡയറിയിൽ സെൻസസ് പ്രകാരമുള്ള കണക്കുകൾ അവസാനത്തെ പേജിൽ ഉണ്ട്. മിക്കവാറും എല്ലാ ദിവസവും എല്ലാ ആളുകളും ഡയറി കാണുന്നതുകൊണ്ട് ഈ കണക്കുകൾ കാണാൻ കഴിയുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : പഞ്ചായത്ത് രാജ് ആക്ടിൽ സാക്ഷരതാ സംബന്ധമായിട്ടും ജനസംഖ്യാ നിയന്ത്രണസംബന്ധമായിട്ടും കൃത്യമായ രൂപരേഖകളുണ്ടായിട്ടും ജനകീയാസൂത്രണ പദ്ധതിയിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളൊന്നും തന്നെ ജനസംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട ഒരു ഏർപ്പാടും നടത്തുന്നില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഈവക കാര്യങ്ങൾകൂടി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഉള്ള നിർദ്ദേശങ്ങൾ നൽകുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : പഞ്ചായത്തുകൾ സഹകരിക്കുകയില്ലെന്ന് പറയുന്നത് ശരിയല്ല. കാരണം, പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ ഹോസ്പിറ്റലുകൾ ജില്ലാ പഞ്ചായത്തുകൾക്കും വിട്ടുകൊടുത്തുകൊണ്ട് ഇപ്പോൾ ഈ അടുത്തകാലത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തുന്നത് ഈ സ്ഥാപനങ്ങളായതുകൊണ്ടുതന്നെ സ്വാഭാവികമായും ഈ പ്രവർത്തനങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വവും നേതൃത്വവും നിർവ്വഹിക്കുന്നത് വിവിധ തലത്തിലുള്ള ത്രിതല പഞ്ചായത്തുകളാണ്. അക്കൂട്ടത്തിൽ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച കോഴിക്കോട് നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള ആർ.സി.എഫ്. പ്രോജക്ടിന്റെ പൂർണ്ണമായ പ്രവർത്തനം നടത്തുന്നത് കോഴിക്കോട് കോർപ്പറേഷനാണ്. 117 കോടി രൂപയുടെ പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിന്റെയും താഴോട്ടുള്ള പ്രവർത്തനം നടത്തുന്നത് ത്രിതല പഞ്ചായത്തുകളാണ്. അക്കാര്യങ്ങളൊക്കെ അവിടെ നടത്തിക്കൊണ്ടിരിക്കുന്നത് ത്രിതല പഞ്ചായത്തുകളാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 80 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് ആർ.സി.എഫ്. പ്രോജക്ട് കൊടുത്തിട്ടുണ്ട്. ഈ തുക 60 പഞ്ചായത്തുകൾക്ക് കൊടുത്തുകഴിഞ്ഞു. ബാക്കി പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി വരികയാണ്. തുക കൊടുത്തുകഴിഞ്ഞത് മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്. അതിന്റെ ചുമതല നിർവ്വഹിക്കുന്നതും അവരാണ്. തുക കൊടുത്തിട്ട് മാസങ്ങൾക്കുള്ളിൽ അതിന്റെ പണി പൂർത്തീകരിച്ചുവരികയാണ്. പറവൂർ താലൂക്കിൽ ഏഴിക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ബ്ലോക്ക് പഞ്ചായത്താണ് മുൻകൈയെടുത്തത്. ഇപ്പോൾ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഇതിനുവേണ്ടി മുൻകൈയെടുക്കുന്നുണ്ട്.

<u>ശ്രീ. എം. മുരളി</u> : അങ്ങ് ഇവിടെ പറഞ്ഞ ഉത്തരം അനുസരിച്ച് 180 കോടി രൂപയുടെ പദ്ധതികൾക്കാണ് ജനസംഖ്യാനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഇപ്പോൾ ചെലവിട്ടുകൊണ്ടിരിക്കുന്നത്. പക്ഷേ ഈ 180 കോടി രൂപയുടെ സാമ്പത്തിക സഹായം, ദേശീയ, അന്തർദേശീയ തലത്തിലുള്ള സഹായം, അത്രയും പണം ചെലവഴിച്ചുവെങ്കിലും ഇവിടെ ശ്രീ. പി.പി. തങ്കച്ചൻ ചൂണ്ടിക്കാണിച്ചതുപോലെ ജനസംഖ്യാ നിയന്ത്രണത്തിൽ കേരളത്തിന്റെ മുൻതൂക്കം നഷ്ടപ്പെടുകയാണ്. നമ്മുടെ കുത്തക ഇക്കാര്യത്തിൽ നഷ്ടപ്പെടുകയാണ് ചെയ്തിട്ടുള്ളത് എന്ന ഗുരുതരമായ ചില ആരോപണങ്ങളും ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഇത് നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നുള്ളതുകൊണ്ടാണ് 180 കോടി രൂപ മുതൽമുടക്കിയിട്ടും ഇവിടത്തെ ജനസംഖ്യാ നിയന്ത്രണ പദ്ധതി പരാജയപ്പെട്ടിരിക്കുന്നത്. ഈ പരാജയത്തെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കുമോ; അതിന് പരിഹാരമുണ്ടാക്കിക്കൊണ്ട് നഷ്ടപ്പെട്ടുപോയ മേൽക്കോയ്മ വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ഇവിടെ കെ.ജി. എം.എ.യുടെ സ്റ്റേറ്റ്മെന്റ് വന്നു. ആ സ്റ്റേറ്റുമെന്റ് മുഴുവൻ വായിച്ചുനോക്കിയാൽ അതിൽ പറയുന്നത് ഇത് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയാലേ ആ കണക്കു

LIBRARY ARCHIVES Kerala Legislative Assembly

കൾ വച്ചുകൊണ്ട് കേരളത്തിന്റെ സ്ഥാനം നിലനിർത്താൻ കഴിയൂ, എന്നാണ്. ഞങ്ങൾ കണക്കുകൾ കൊടുക്കുന്നില്ല എന്നതാണ് അവരുടെ പ്രസ്താവന. അതു സംബന്ധിച്ചുള്ള ഹെഡ്ഡിംഗ് ശരിയാണ്. ആ പ്രസ്താവന ഞാൻ ആറേഴ് തവണ ആവർത്താവർത്തിച്ച് വായിച്ചുനോക്കി. ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി, ആ പ്രസ്താവന വച്ചുകൊണ്ടുതന്നെ അവരുടെ റിപ്പോർട്ട് ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ ഒരു സംഘടനയുടെ നേതാവ് പ്രകടിപ്പിച്ച വികാരം, അയാൾ പുറപ്പെടുവിച്ച ഒരു പ്രസ്താവനയെ ആധാരമാക്കിക്കൊണ്ട് ഇക്കാര്യത്തിൽ നമ്മൾ പരാജയപ്പെട്ടുവെന്ന് പറഞ്ഞാൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആയിരക്കണക്കിന് വരുന്ന ഉദ്യോഗസ്ഥന്മാരെയും അതുപോലെതന്നെ ജനസംഖ്യാ നിയന്ത്രണത്തിനായി താല്പര്യപൂർവ്വം പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരെയും നിരുത്സാഹപ്പെടുത്തുന്നതിന് ഇടയാക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുന്നതുപോലുള്ള പ്രസ്താവനകളും കണക്കുകളും ഇക്കാര്യത്തിനായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയല്ല ചെയ്യുന്നത്. അദ്ദേഹം ഇതേക്കുറിച്ച് ചോദിച്ചത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ട കണക്കുകൾ ശരിയാണെന്നുള്ള ധാരണയിലാണ് എങ്കിൽ അത് ശരിയല്ലായെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം പറയാനുള്ളത് ഈ പ്രവർത്തനങ്ങളുടെ നേരിട്ടുള്ള ചുമതല ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതു സംബന്ധിച്ചാണ്. അതിന്റെ ചുമതല ത്രിതല പഞ്ചായത്തുകളെ ഏൽപ്പിക്കുമ്പോൾ അക്കാര്യത്തിൽ വിജയമുണ്ടാകുമോയെന്ന് പരിശോധിക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ആ സംവിധാനമുപയോഗിച്ച് അത് പരിശോധിക്കുകയും ചെയ്യും.

<u>ശ്രീ. എം. മുരളി</u> : ഗ്രാമപഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും ഇതേവരെ ഇക്കാര്യം ഏൽപ്പിച്ചിട്ടില്ല. കഴിഞ്ഞ മൂന്നുവർഷക്കാലമായി ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങളൊക്കെ ചെയ്തത് ഒരു സംഘം ഉദ്യോഗസ്ഥന്മാരാണ്. ഡയറക്ടറേറ്റ് മുതൽ താഴോട്ടുള്ള പ്രവർത്തനങ്ങളൊക്കെ നടത്തിയത് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരാണ്. അവർ അതിനുള്ള പണം എങ്ങോട്ടു കൊണ്ടുപോയി എന്നുള്ള കാര്യത്തെക്കുറിച്ച് ആർക്കുമറിയില്ല, അങ്ങേയ്ക്കുമറിയില്ല, അതേക്കുറിച്ച് എനിക്കുമറിയില്ല. അതുകൊണ്ടാണ് ഈ പദ്ധതി പരാജയപ്പെട്ടു പോയത്. 180 കോടി രൂപ മുതൽമുടക്കിയിട്ടും നമുക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന ഈ രംഗത്ത് നമ്മൾ പരാജയപ്പെട്ടു എന്ന കാര്യം അങ്ങ് അംഗീകരിക്കണം. ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് കേരളത്തിൽ ജനസംഖ്യാ നിയന്ത്രണ പദ്ധതി വിജയിച്ചിരുന്നത്. ആ വിജയം വീണ്ടും ആവർത്തിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ ജനസംഖ്യാ നിയന്ത്രണ പദ്ധതി മുന്നോട്ടു കൊണ്ടുപോകാനും ഈ രംഗത്തുണ്ടായിട്ടുള്ള തെറ്റ് തിരുത്തുന്നതിനും അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ഇവിടെ അദ്ദേഹം ആ പദ്ധതി പരാജയപ്പെട്ടു എന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാലും ആ പദ്ധതി പരാജയപ്പെടുകയില്ല. പരാജയപ്പെട്ടു എന്നാവർത്തിച്ച് പറയുന്നത് പരാജയപ്പെട്ടു എന്നു വരുത്താനാണെങ്കിൽ കണക്കുകളും വസ്തുതകളും വ്യത്യസ്തമായതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവുകയില്ല. ഇതിനെ സംബന്ധിച്ച് കെ.ജി.എം.എ. തന്ന സ്റ്റേറ്റുമെന്റ് ആവർത്തിക്കാനാണെങ്കിൽ അങ്ങേയ്ക്കുപോലും അവരുടെ സമരത്തിനെ പൂർണ്ണമായും അംഗീകരിക്കാൻ കഴിയുകയില്ല എന്നതാണ് വേറൊരു വസ്തുത. ഗ്രാമപഞ്ചായത്തിലും അതുപോലെ ഉദ്യോഗസ്ഥതല

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം നന്നായി മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. എങ്കിൽപ്പോലും എന്തെങ്കിലും എന്റെ അശ്രദ്ധയിൽ ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം അത് ചൂണ്ടിക്കാണിച്ചാൽ അതേക്കുറിച്ച് പരിശോധിക്കാം.

<u>ശ്രീ. പി.ജെ. ജോയി</u> : ദേശീയ കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി ജനസംഖ്യാ നിയന്ത്രണത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പ്രജനന-ശൈശവ ആരോഗ്യപരിപാടിയിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ഐ.പി.ഡി.കൾ നടത്തുന്ന സംയോജിത ജനസംഖ്യാ നിയന്ത്രണ-വികസന പദ്ധതികളാണ് ആർ.സി.എച്ച്.-ൽ വരുന്ന പ്രധാനപ്പെട്ടയിനം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ 80 എണ്ണമുണ്ട്. അതിൽ ഓരോന്നിനും 10 ലക്ഷം രൂപവച്ച് ഓപ്പറേഷൻ തിയേറ്റർ, പ്രസവ സംബന്ധമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രജനന-ശൈശവ പരിപാലനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന് അനുവാദം കൊടുത്തിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതിയുടെ നടത്തിപ്പിനായി ആദ്യഗഡുവായി 5 ലക്ഷം രൂപ നേരത്തെതന്നെ കൈമാറിയിട്ടുണ്ട്. അവരാണ് അതിന്റെ കാര്യങ്ങളൊക്കെ ചെയ്യുന്നത്. അക്കൂട്ടത്തിൽ പ്രജനനവും മറ്റു രീതിയിലുള്ള കുറേയേറെ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിച്ചിട്ടുള്ളത്. അതു സംബന്ധിച്ച് ലിസ്റ്റുണ്ട്. അത് ഞാൻ വേണമെങ്കിൽ ഇവിടെ വായിക്കാം. ഞാൻ എല്ലാ മെമ്പർമാർക്കും ഇതിന്റെ തുടക്കത്തിൽ അതുസംബന്ധിച്ച വിശദീകരണക്കുറിപ്പ് അയച്ചുകൊടുത്തിട്ടുണ്ട്. അതുതന്നെ ഇവിടെ ആവർത്തിക്കണമോയെന്ന് എനിക്കറിഞ്ഞുകൂടാ. ജില്ലയിലെ ആരോഗ്യ പ്രവർത്തനങ്ങളുടെ മേഖല വിപുലപ്പെടുത്തുക, നവീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക, പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പ്രാദേശിക പരിശീലനം നൽകുക, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം തുടങ്ങിയവയൊക്കെയാണ് ഇതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ.

<u>ശ്രീ. പി.ജെ. ജോയി</u> : ഈ രംഗത്തുള്ള ബ്ലോക്കുതല വികസന പരിപാടികൾ എന്നത്തേക്ക് എല്ലാ ബ്ലോക്കുകളിലും പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : അഞ്ചുകൊല്ലക്കാലംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ 60 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതിനുള്ള അംഗീകാരം കൊടുത്തുകഴിഞ്ഞു. ഇനി 20 എണ്ണത്തിന്റേതുകൂടി കിട്ടണം. ആർ.സി.എച്ച്.-ൽ നിന്ന് കൂടുതൽ പണം കിട്ടാൻവേണ്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. മേജർ ജില്ലകളിലൊക്കെ ഈരണ്ടും, മൈനർ ജില്ലകൾക്ക് ഒന്നും എന്നുള്ള രീതിയിൽ 25 പുതിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇക്കൊല്ലം അനുവദിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്.

<u>ശ്രീ. പി. വിശ്വൻ</u> : ആദിവാസികളുടെ ജനസംഖ്യ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. അട്ടപ്പാടിയിലാണെങ്കിൽ 80:20 എന്നുള്ളത് 60:40 എന്നായി കുറഞ്ഞിരിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ ജനസംഖ്യാ നിയന്ത്രണത്തിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

883/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : ആദിവാസിമേഖലകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രത്യേക പദ്ധതികളൊന്നും ഇക്കാര്യത്തിലില്ല. എന്നാൽ ആദിവാസികൾ അനുഭവിച്ചുവരുന്ന റിസർവേഷനും മറ്റു സൗകര്യങ്ങളുമൊക്കെ അവർക്ക് കൊടുക്കാറുണ്ട്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട രണ്ടംഗങ്ങൾ കേരളത്തിലെ ജനസംഖ്യാ വളർച്ചാനിരക്കിൽ മാറ്റമുണ്ടായിട്ടുണ്ടെന്ന് പറയുകയുണ്ടായി. കേരളം ഇക്കാര്യത്തിൽ 1.34 ശതമാനവും ഇന്ത്യയിൽ 2.39 ശതമാനവും ആണ് ജനസംഖ്യാവളർച്ചാനിരക്ക് ഉണ്ടായിട്ടുള്ളത്. ഇത് ഏറ്റവും ഒടുവിൽ ലഭിച്ചിട്ടുള്ള കണക്ക് പ്രകാരമാണ്. അത് സൂചിപ്പിക്കുന്നത് ഇക്കാര്യത്തിൽ കേരളം പിന്നിലല്ല. സാക്ഷര പ്രബുദ്ധമായ ഈ കേരളത്തിൽ ഇക്കാര്യത്തിൽ ആര് കേരളത്തെ പിന്നോട്ട് വലിക്കാൻ ശ്രമിച്ചാലും ഒരു കാരണവശാലും പിന്നോട്ടു പോകാൻ കേരളത്തിനു കഴിയുകയില്ല.

ശ്രീ. കെ.എ. ചന്ദ്രൻ : ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരമല്ല ലഭിച്ചിട്ടുള്ളതെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ജനസംഖ്യാനിയന്ത്രണ നടപടികളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആദിമനുഷ്യവംശത്തിൽ അവശേഷിക്കുന്ന പല വർഗ്ഗങ്ങളും ഇന്ന് അന്യം നിന്നുപോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ മലപ്പുറം ജില്ലയിലെ ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളുണ്ട്. അവരുടെ ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടില്ലെന്ന് മാത്രമല്ല അവർ നാൾക്കുനാൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിനും അവർക്കുവേണ്ടുന്ന ആരോഗ്യ പരിപാലനം നടത്തുന്നതിനും ഗവൺമെന്റിന് പ്രത്യേകമായി വല്ല നടപടികളുമുണ്ടോയെന്ന് വിശദീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : അട്ടപ്പാടി മേഖലയിലും അതുപോലെതന്നെ ആദിവാസിമേഖലയിലും ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമായി ആദ്യമായി ഇക്കൊല്ലം അത്തരം പ്രദേശങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്ക് 2500 രൂപ അധികമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അട്ടപ്പാടി ഏരിയായിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്ക് 2500 രൂപ കൂടുതലായിട്ട് ഗവൺമെന്റ് കൊടുത്തുവരികയാണ്. അതുപോലെതന്നെ മറ്റ് ജോലിക്കാര്യങ്ങളിലും പി.ജി. ബിരുദാനന്തര പഠനത്തിന് അതിന്റെ സെലക്ഷൻ നടത്തുമ്പോൾ ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന കൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഡോക്ടർമാരായി പി.എസ്.സി. വഴി ജോലി കിട്ടിയവർ ആദിവാസിമേഖലകളിൽ ജോലിക്ക് പോകാൻ മടിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ബിരുദാനന്തരപഠനത്തിന് അവർക്ക് പ്രിഫറൻസും മറ്റു സൗകര്യങ്ങളുമേർപ്പെടുത്തിയിട്ടുള്ളതുകൊണ്ട്, മാത്രമല്ല അക്കൂട്ടർക്ക് പി.ജി. ക്ക് വെയിറ്റേജ് കിട്ടുമെന്നുള്ളതുകൊണ്ട് പിന്നോക്ക-ആദിവാസി മേഖലകളിൽ ഡോക്ടർമാർ ജോലിക്ക് ഇപ്പോൾ പ്രിഫർ ചെയ്തു തുടങ്ങിയിട്ടുണ്ട്. അതൊക്കെ ഈ അടുത്തകാലത്ത് വരുത്തിയ ചില മാറ്റങ്ങളാണ്. കഴിയുന്ത്ര സ്ഥാപനങ്ങൾ ആ പ്രദേശങ്ങളിലുണ്ട്. ആവശ്യത്തിനുള്ള സ്ഥാപനങ്ങളുണ്ടെങ്കിലും അവിടെയൊക്കെ ആവശ്യമുള്ള സ്റ്റാഫില്ലാത്തതുകൊണ്ട് അവയൊന്നും ശരിയായ നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയുമായിരുന്നില്ല. അതിന്റെ ഭാഗമായിട്ടാണ് നേരത്തെതന്നെ ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഫൈവ് ഇയേഴ്സ് റൂൾസിന് എക്സംപ്ഷൻ കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്.

അട്ടപ്പാടി മേഖലയെകൂടി അതിൽ കൊണ്ടുവരാൻ ഇപ്പോൾ തീരുമാനമെടുക്കാനുള്ള നടപടികളിലേക്ക് ഗവൺമെന്റ് നീങ്ങുകയാണ്.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : ഇവിടെ ജനസംഖ്യാനിയന്ത്രണത്തിന്റെ ഭാഗമായിട്ടുള്ള പുതിയപദ്ധതികൾ വിശദീകരിച്ച കൂട്ടത്തിൽ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടുകൂടിയുള്ള സെക്ടർ ഇൻവെസ്റ്റുമെന്റ് പദ്ധതി പുതുതായി തുടങ്ങുകയുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കൊല്ലം ജില്ലയുൾപ്പെടെ ഇത് തുടങ്ങിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആ പദ്ധതിയുടെ വിശദാംശങ്ങൾ ഒന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ റിഫോംസ് ഓൺ മാനേജുമെന്റ് സെക്ടർ എന്നപേരിൽ ഒരു കരാർ ഉടമ്പടി പ്രകാരം പൈലറ്റ് പ്രോജക്ടുകൾ ഇവിടെ വരുന്നതിനുള്ള ചർച്ചകളൊക്കെ നടന്നു. അതിൽ അഡ്വാൻസ് എന്ന നിലയിൽ 20 ലക്ഷം രൂപ ട്രെയിനിംഗിനുവേണ്ടി കിട്ടി. ബാക്കിത്തുകയെ സംബന്ധിച്ച് ഇപ്പോൾ ചർച്ചകളൊക്കെ നടക്കുകയാണ്. എത്രകോടിരൂപ ഇതിലേയ്ക്ക് കിട്ടുമെന്നതിനെക്കുറിച്ച് അവസാന നിമിഷമേ പറയാനൊക്കുകയുള്ളൂ. ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, നവീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ നടത്തുക, പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രത്യേകസഹായം നൽകുക, ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക ഇതൊക്കെയാണ് പദ്ധതിയുടെ പ്രാരംഭനടപടികൾ. ഇതിനുവേണ്ടി 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശ്രീ. കെ.സി. ജോസഫ്</u> : ജനസംഖ്യാനിയന്ത്രണം, കുടുംബക്ഷേമം, ആരോഗ്യപരിപാലനം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് അവരുടെ സേവനം കൂടുതൽ ഫലപ്രദമാക്കാനും ഐഡന്റിറ്റി കാർഡ്, ഓണറേറിയം തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തൃപ്തികരമായ നിലപാട് സ്വീകരിച്ചുകൊണ്ട് അവരുടെ സേവനവും പ്രവർത്തനവും ജനസംഖ്യാനിയന്ത്രണ പദ്ധതികൾക്ക് കൂടുതൽ പ്രചാരവും കൂടുതൽ ഫലപ്രദവുമാക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : പൊതു പ്രവർത്തനത്തിൽ താൽപര്യമുള്ള സ്ത്രീകളെ ഈ കാര്യങ്ങളിലേയ്ക്ക് ആകർഷിക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇത്തരമൊരു പദ്ധതി ആവിഷ്ക്കരിച്ചത്. ഈ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ ഇവരെല്ലാം ഓരോ പ്രദേശത്തുമുള്ള ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പൊതുപ്രവർത്തനത്തിലും അതുപോലെതന്നെ സ്ത്രീകളുടെ വിദ്യാഭ്യാസം, സാമൂഹ്യ പുരോഗതി, ആരോഗ്യ പ്രവർത്തനങ്ങൾ ഈ വക കാര്യങ്ങളിലെല്ലാം താൽപ്പര്യമുണ്ടാക്കി എടുക്കാനുള്ള പ്രവർത്തനമായി മാറണമെന്ന് ഉദ്ദേശിച്ചിരുന്നു. അവരുടെ ഐഡന്റിറ്റി കാർഡ് തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. ഞാൻ ഇതു സംബന്ധിച്ച് ഒരു ചർച്ച നടത്തി. അതിൽനിന്ന് ഒരു സംഘടന മാറിനിന്നതുകൊണ്ടാണ് തീരുമാനമെടുക്കാൻ കഴിയാതെ പോയത്. വീണ്ടും സംഘടനകളെ വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം. രണ്ട് സംഘടനകളെയും വിളിച്ചു, ഒരു സംഘടന മാറിനിന്നു. രണ്ട്കൂട്ടരെയും പൊരുത്തപ്പെടുത്തി ചർച്ച ചെയ്യാത്തതുകൊണ്ടാണ് തീരുമാനമെടുക്കാൻ വൈകിയത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട മന്ത്രി അട്ടപ്പാടിയിലെ ആദിവാസികളുടെ ജനസംഖ്യാനുപാതം 80:20 എന്നുള്ളത് 60:40 ആയി കുറഞ്ഞുവെന്ന് പറഞ്ഞു. വളരെ കാര്യമായ വ്യത്യാസം വന്നിരിക്കുകയാണ്. 80:20 എന്നുള്ളത് 60:40 എന്നായി കുറയാൻ കാരണമെന്താണ്; അതിനെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇതിന് എന്തെങ്കിലും പ്രത്യേക കാരണങ്ങളുണ്ടോ; ഏതായാലും ഭയാനകമായ ഒരു സ്ഥിതിയാണ്. അതുകൊണ്ട് ഇതിനെ ഗൗരവമായി കാണണം. ഗവൺമെന്റ് അതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; അവിടെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ; അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : അട്ടപ്പാടിയിലെ ആദിവാസികളുടെ ജനസംഖ്യ കുറഞ്ഞതല്ല അതിന് കാരണം. അട്ടപ്പാടിയിലേയ്ക്കുള്ള കുടിയേറ്റം വർദ്ധിച്ചതാണ് ആദിവാസികളുടെയും കുടിയേറ്റക്കാരുടെയും ജനസംഖ്യക്ക് ഈ വേരിയേഷൻ ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ജനസംഖ്യാ നിയന്ത്രണത്തിന്റെ മറവിൽ നമ്മുടെ രാജ്യത്ത് ഗർഭസ്ഥ ശിശു പെൺകുട്ടിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ വളരെ വ്യാപകമായ തോതിൽ ഭ്രൂണഹത്യ നടക്കുന്നതായുള്ള ഞെട്ടിപ്പിക്കുന്ന വിവരം നമ്മൾ മനസ്സിലാക്കുന്നു. അടുത്തകാലത്ത് ഡൽഹിയിലും മറ്റും ചില വനിതാസംഘടനകൾ അൻപതുലക്ഷത്തിലധികം വരുന്ന ഇത്തരം ഭ്രൂണഹത്യകൾ നടന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രക്ഷോഭത്തിലേയ്ക്ക് വരാൻവേണ്ടി തയ്യാറായി. ഈ ഗൗരവകരമായിട്ടുള്ള വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്ത് ഇത്തരം സംഗതികൾ നടക്കുന്നതായിട്ട് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിരോധിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : വടക്കൻ സംസ്ഥാനങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ സ്ഥിതിവച്ചുകൊണ്ട് ആ രീതിയിൽ സ്വാധീനിക്കാൻ കഴിയുന്ന ഘടകമായി ഇത് മാറില്ല. ഒറ്റപ്പെട്ട ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം. കേരളത്തിൽ വ്യാപകമായി ഇത്തരം സംഭവങ്ങൾ നടക്കുന്നതായി അറിഞ്ഞുകൂടാ. തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലും ഇത്തരം റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്.

ഡോ. എം.എ. കുട്ടപ്പൻ : കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകാലത്തെ നമ്മുടെ ശ്രമഫലമായി കേരളത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞതായി ചില പഠനങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതേസമയം പ്രായമുള്ളവരുടെ, 60 വയസ്സിനുമുകളിലുള്ളവരുടെ എണ്ണം വല്ലാതെ വർദ്ധിക്കുന്നുമുണ്ട്. തൽഫലമായി സ്കൂളുകളിലെ ഡിവിഷന്റെ എണ്ണം കുറയ്ക്കേണ്ടി വരുമെന്നും പീഡിയാട്രിക് സെന്ററുകളുടെ എണ്ണം കുറയ്ക്കേണ്ടിവരുമെന്നും ഭാവിയിൽ ജെറിയാട്രിക്സ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവരുമെന്നുമുള്ള ചില പഠനങ്ങൾ പുറത്തു വന്നിട്ടുണ്ട്. വാർദ്ധക്യസഹജമായ രോഗം ബാധിച്ചവരുടെ എണ്ണം വല്ലാതെ കൂടുന്ന സാഹചര്യത്തിൽ അത് മുൻകൂട്ടി കണ്ടുകൊണ്ട് ആ സാഹചര്യം നേരിടുന്നതിനാവശ്യമായ പരിപാടി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ആകെ ജനസംഖ്യയിൽ, 600 കോടിയിൽ നൂറുകോടിയെന്ന് പറയുന്നത് പതിനഞ്ചിനും ഇരുപത്തിനാലിനും

LIBRARY ARCHIVES Kerala Legislative Assembly

വയസ്സിന് മദ്ധ്യേയുള്ളവരാണ്. ആ നൂറുകോടി പ്രത്യുൽപാദനപരമായ ഒരു കാലഘട്ടത്തിന്റെ കാലമാണല്ലോ. അതിന്റെ അർത്ഥത്തിലുള്ള വർദ്ധനവ് ഇനി ഉണ്ടാവുകയും ചെയ്യും. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആയുർദൈർഘ്യത്തിൽ വളരെ വർദ്ധനവുണ്ടായിട്ടുണ്ട്. സ്ത്രീകൾ 73-നും പുരുഷൻമാർ 70-നും മേൽ നിൽക്കുകയാണ്. ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടത്തെ വളർച്ചാനിരക്ക് വർദ്ധിക്കുന്നുവെന്ന് പറഞ്ഞു. അതിനുള്ള മറുപടിയാണ് ഡോക്ടർ കൂടിയായ ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞത്. ഇതിന്റെ കുറവുകൊണ്ട് സ്കൂളുകളിലെയും നഴ്സറി സ്കൂളുകളിലെയും പ്രവേശനം കുറയുന്നു. ഏതായാലും ഈ കാര്യം ഗവൺമെന്റ് പരിശോധിക്കാം. പക്ഷെ ഈ കാര്യത്തിൽ ഒരു ടാർജറ്റ് വച്ചുകൊണ്ടാണ് ഗവൺമെന്റ് നീങ്ങുന്നത്. തമിഴ്നാട് ഔദ്യോഗികമായി അംഗീകരിച്ചില്ലെങ്കിലും ഇപ്പോൾ ഒരു പുതിയ മുദ്രാവാക്യം പ്രസിദ്ധീകരിക്കുന്നുണ്ട്. അതായത് ഒരു മരം ഒരു കുട്ടി നാടിന്. എന്നാൽ നമ്മൾ ഇതുവരെ ആ അർത്ഥത്തിൽ ആലോചിച്ചിട്ടില്ല. തമിഴ്നാട്ടിൽ നിന്നൊക്കെ വരുന്ന വാഹനങ്ങളിൽ സ്റ്റാറ്റ്യൂട്ടറിയായി "ഒരു മരം ഒരു കുഞ്ഞ് നാടിന്റെ പുരോഗതിക്ക്" എന്ന് ബോർഡ് എഴുതി വയ്ക്കുകയാണ്. അവർ ആ രീതിയിൽ വളരെ മുന്നോട്ടു പോവുകയാണ്. ഔദ്യോഗികമായി നമ്മൾ ആ രീതിയിലേയ്ക്ക് എത്തിയിട്ടില്ല. പക്ഷെ കേരളത്തിൽ വ്യക്തിപരമായി എല്ലാ കുടുംബാംഗങ്ങളും സന്തുഷ്ട കുടുംബമാകാൻ ഏറ്റവും ചെറിയ കുടുംബമാകണമെന്നുള്ള ഒരു സമീപനത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അത് ഗവൺമെന്റ് നയപ്രകാരമല്ല. സ്വയംതന്നെ തീരുമാനമെടുത്തതാണ്. അതുകൊണ്ടാണ് ഒരു കാലത്ത് മാതൃശിശു സംരക്ഷണകേന്ദ്രം തുടങ്ങിയത് നമ്മൾ ഇപ്പോൾ അതിൽനിന്ന് മാറി ജെറിയാട്രിക്സ് മെഡിസിനും വയോവൃദ്ധൻമാർക്കുള്ള ആശ്രയ സങ്കേതങ്ങളും ഉണ്ടാക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത്. ആ രീതിയിൽ കേരളത്തിന്റെ സ്ഥിതി മാറുകയാണ്.

<u>ശ്രീ. ടി. നാണു മാസ്റ്റർ</u> : ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ പരിപാടികൾ എന്തൊക്കെയാണ്? മുൻപ് സ്വീകരിച്ചിട്ടുള്ള പ്രചരണ പരിപാടികളിൽനിന്ന് കാലോചിതമായ മാറ്റങ്ങളോടുകൂടി ഈ രംഗത്തേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ പറ്റിയ വിധത്തിലുള്ള ആധുനിക പ്രചരണ ഉപാധികൾ എന്തെല്ലാമാണ്; അത് പഞ്ചായത്തുകളിലൂടെയാണോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ഇപ്പോൾ മിക്കവാറും, 90-97 ശതമാനവും Institutional ആണ്. ഓരോ സ്ഥാപനത്തിലാണ്. സ്വകാര്യമേഖലയിലാകാം, ഗവൺമെന്റ് മേഖലയിലാകാം. സ്വാഭാവികമായും കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്ക് അതൊരു പ്രേരക ഘടകമാണ്. അതുകൊണ്ട് മുൻകാലങ്ങളിലെപ്പോലെ ക്യാമ്പുകളിലൊന്നും പോകേണ്ടി വന്നിട്ടില്ല. ഏതെങ്കിലും പ്രദേശം ഈ കാര്യത്തിൽ പിന്നോക്കമാണെന്ന് കാണുമ്പോൾ ക്യാമ്പും മറ്റു കാര്യങ്ങളും ചെയ്യാം. അത്യാധുനിക ഉപകരണങ്ങൾ, ലാപ്രോസ്കോപിക് സൗകര്യങ്ങളൊക്കെ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. അതിനുകൂടി പ്രേരണ കൊടുക്കാം. പഞ്ചായത്ത് തലത്തിലും മറ്റു തലത്തിലും ഏതെങ്കിലും രീതിയിൽ ഇതിന് പോരായ്മയുണ്ടെന്ന് തോന്നിയാൽ അത് പരിഹരിക്കാനാവശ്യമായ പ്രചരണ നടപടികൾ നടത്താം. ഐ.ഇ.സി-യുടെ ഇൻഫർമേഷൻ, അതുപോലെതന്നെ അതിനാവശ്യമായ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നുണ്ട്. ആ പ്രോഗ്രാമുകൾ വച്ചുള്ള കാര്യങ്ങൾ നടത്താൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ : ജനസംഖ്യാവർദ്ധനവ് തടയേണ്ടത് ആവശ്യമാണെങ്കിലും ഒരു കുട്ടിമാത്രം മതിയെന്നു നിർബന്ധം പിടിച്ചാൽ ഒരു കുട്ടി മാത്രമുള്ള മാതാപിതാക്കളുടെ കുട്ടിക്ക് എന്തെങ്കിലും സംഭവിച്ചാൽ അത്തരം കുടുംബങ്ങൾക്കുണ്ടാകാവുന്ന പ്രയാസം കണക്കിലെടുത്തും കുട്ടികൾ വളരെയേറെ കുറയുകയും ജനസംഖ്യയുടെ 25 ശതമാനമോ അതിലേറെയോ 60 വയസ്സിനു മുകളിലുള്ളവരായി വരികയും ചെയ്യുന്ന ഒരു സ്ഥിതിവരാനും സാദ്ധ്യതയുള്ളതുകൊണ്ട് ജനസംഖ്യാനിയന്ത്രണം ക്രിയാത്മകമായ, ക്രിയശേഷിയുള്ള ഒരു സമൂഹത്തെ ഉറപ്പാക്കുന്ന വിധം കേരളത്തിൽ നടപ്പിലാക്കുന്നതിനെപ്പറ്റി എന്തെങ്കിലും പുതിയ ആലോചനകളുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഇതിന്റെ കൺസെപ്റ്റു തന്നെ അതാണ്. ജനിക്കുന്ന കുട്ടികൾക്ക് പൂർണ്ണമായി സംരക്ഷണം കിട്ടണം. കഴിയുന്നത്ര ശിശുമരണം ചുരുക്കിക്കൊണ്ടുവരാൻ കഴിയണം. ആ കാര്യത്തിൽ നമുക്ക് മറ്റേത് സംസ്ഥാനത്തേക്കാളും മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വരും തലമുറയ്ക്ക് പുതിയ കുട്ടികൾക്ക് അവരുടെ ജീവിതത്തിനും മറ്റു കാര്യങ്ങളിലും എല്ലാ സംരക്ഷണവും നൽകണം. പ്രസവ സംബന്ധമായ എല്ലാ സൗകര്യങ്ങളും നൽകണം. ഇവിടെ ഗവൺമെന്റ് ഒരു കുട്ടി എന്ന നയം എടുത്തിട്ടില്ല. തമിഴ്നാട്ടിലെ മുദ്രാവാക്യം ഇവിടെ ഞാൻ പറഞ്ഞുവെന്നെയുള്ളൂ. ഏതായാലും ഒരു മരം എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ലല്ലോ? അത് നല്ലതാണല്ലോ. അവർ അത് ചെയ്യുന്നു. ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന്റെ നയത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

സംസ്ഥാന പോലീസ് സേനയുടെ സേവന-വേതന പരിഷ്ക്കരണം

2 (*2)ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പോലീസ് സേനാംഗങ്ങൾക്ക് ജോലി സമയം എട്ടുമണിക്കൂർ ആക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മുഴുവൻ സേനാംഗങ്ങൾക്കും ജോലി സമയം എട്ട് മണിക്കൂറാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly